"വസന്തം പൂത്തൊരുങ്ങി നിൽപ്പൂ.." കോട്ടയത്ത് ടാലന്റഡ് ബാങ്കേഴ്സ് മീറ്റിന്റെ വേദിയിൽ "മേലേപ്പറമ്പിൽ ആൺ ബ്രാഞ്ച് " എന്ന സ്കിറ്റ് ആരംഭിക്കുകയാണ്.. ആദ്യ ഡയലോഗ് കേട്ട, പിന്നണിയിൽ നിന്ന സ്കിറ്റിലെ മറ്റംഗങ്ങൾ തലയിൽ കൈവെച്ചു പോയി .. ആദ്യ ഡയലോഗ് തന്നെ തെറ്റ് .. പൊളിഞ്ഞു, സ്കിറ്റ് പൊളിഞ്ഞു.. റിഹേഴ്സലിന് കുഞ്ഞുകളിച്ചാൽ ഇങ്ങനിരിക്കും..

പക്ഷേ, അവരെ അമ്പരപ്പിച്ചുകൊണ്ട് സദസ്സിൽ നിന്ന് നിലയ്ക്കാത്ത കൈയ്യടി മുഴങ്ങി.. അതേ...അയാൾ സ്റ്റേജിൽ തന്റെ "തനിക്കൊണം" കാണിച്ചു തുടങ്ങിയിരിക്കുന്നു..

തട്ടേൽക്കേറുമ്പോൾ മട്ട് മാറുന്ന ആ പ്രതിഭയാണ് ടാലന്റഡ് ബാങ്കേഴ്സിന്റെ ഈ ദളത്തിലെ താരം

നിശാന്ത്. ബി
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
RASMECC,കൊട്ടാരക്കര

എയർ ഫോഴ്സിലും , വിരമിച്ച ശേഷം ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ ഉദ്യോഗസ്ഥനുമായിരുന്ന പരേതനായ ഭാർഗവൻ പിള്ളയുടെയും വീട്ടമ്മയായ ഇന്ദിരയുടെയും ഇളയ മകനാണ് കൊല്ലം ജില്ലയിലെ പഴങ്ങാലം സ്വദേശി നിശാന്ത്. ജേഷ്ഠൻ സുശാന്ത് ബാംഗ്ലൂരിൽ UST ഗ്ലോബലിൽ സോഫ്റ്റ് വെയർ എഞ്ചിനീയറാണ്.

മുഖത്തല, സെന്റ് ജൂഡ് സ്കൂളിലാണ് നിശാന്തിന്റെ സ്കൂൾ ജീവിതം. പഠനത്തിലോ ഇതര പ്രവർത്തനങ്ങളിലോ പ്രത്യേകിച്ച് എടുത്ത് പറയാൻ ഒന്നുമില്ലാത്ത ഒരു വിദ്യാർത്ഥി.. ഒരു മൂലേൽ പതുങ്ങി..ഇനി എന്തെങ്കിലും കാര്യത്തിൽ താല്പര്യമുണ്ടോ എന്ന് ചികഞ്ഞു നോക്കിയാൽ ക്വിസ് മത്സരങ്ങളോട് ചെറിയ കമ്പമുണ്ട്.. പക്ഷേ അതിലും അത്ര കേമനല്ല, സമ്മാനങ്ങളും കിട്ടിയിട്ടില്ല. പൂമ്പാറ്റയ്ക്കുമുണ്ടല്ലോ ഒരു പുഴുക്കാലം..

അങ്ങനെ ഒരു വിധം പത്താം ക്ലാസ്സ് കഴിഞ്ഞ നിശാന്തിനെ മൊത്തത്തിൽ ഒന്ന് നന്നാക്കാനാണ് അധ്യാപകനായിരുന്ന അമ്മാവൻ ബാലകൃഷ്ണപിള്ളയുടെ വീട്ടിൽ നിന്ന് പഠിക്കാൻ കൊട്ടാരക്കരയിലേക്ക് വിടുന്നത്..അമ്മാവന്റെ ഭാര്യ സുമതിയും അധ്യാപികയാണ്.. അമ്മാവന്റെ മക്കൾ ശ്രീകല, ശ്രീകുമാർ, ശ്രീജ എന്നിവർ കൂടിയടങ്ങുന്ന ആ വീട്ടിലേക്കുള്ള പറിച്ചുനടലിൽ നിന്നാണ് തന്റെ ജീവിതത്തിലെ മാറ്റങ്ങളുടെ നാന്ദി എന്നാണ് നിശാന്തിന്റെ പക്ഷം.. ആ വീട്ടിൽ എന്തിനെപ്പറ്റിയും ചർച്ചകളാണ്.. അമ്മാവൻ തുടങ്ങി വെയ്ക്കും, മറ്റുള്ളവർ ഏറ്റുപിടിക്കും.. സങ്കോചങ്ങളുടെ ആവരണങ്ങൾ പതിയെ അടർന്നു വീണു തുടങ്ങി.. കൊട്ടാരക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കോമേഴ്സ് വിഭാഗത്തിൽ

പ്ലസ് ടു പഠനം ആരംഭിച്ചു.

കുറുമ്പിന്റെ വാല് മുളച്ചു തുടങ്ങുന്നതവിടെ നിന്നാണ്.. അങ്ങനെ സ്കൂളിൽ കലോത്സവത്തിന്റെ നാളുകൾ എത്തി. മത്സരങ്ങൾക്ക് പേര് നൽകുന്ന ദിവസം, അവധിയായവരുടെ പേരുകൾ കുച്ചുപ്പിടിക്കും അറബിക് പദ്യം ചൊല്ലലിനും ഒക്കെ നൽകുന്ന കുരുത്തക്കേടിനൊപ്പം എല്ലാ ഗ്രൂപ്പ് ഐറ്റങ്ങൾക്കും നിശാന്തും സംഘവും പേര് നൽകി.. സംഘഗാനം, സംഘനൃത്തം, നാടകം,മൈം അങ്ങനെ ഒരു നീണ്ട പട്ടിക.. കലോത്സവ ദിവസം അടുത്തപ്പോൾ പേര് കൊടുത്ത ഒന്നിനെങ്കിലും കയറിയില്ലെങ്കിൽ മോശമല്ലേ എന്നൊരു ചിന്ത വന്നു.. അങ്ങനെ മൈമാവട്ടെ എന്ന് ഉറപ്പിച്ചു.. ഡയലോഗ് പഠിക്കണ്ടല്ലോ.. ഒരു മരണ വീട് പശ്ചാത്തലമാക്കിയുള്ള മൈം ആണ്.. ക്ലാസ്സിൽ കയറാതിരിക്കാൻ ഒരു കാരണമായതിനാൽ റിഹേഴ്സൽ തകൃതിയായി നടന്നു .. അങ്ങനെ ആ ദിവസം വന്നെത്തി.. ജീവിതത്തിലെ ആദ്യ സ്റ്റേജ്.. പരിപാടി തുടങ്ങി അധികമാവും മുമ്പേ കയ്യിൽ നിന്ന് പോയി എന്ന് മനസ്സിലായിത്തുടങ്ങി.. കൂടെ സ്റ്റേജിൽ കയറേണ്ട പലരും സമയത്ത് കയറിയതുമില്ല.. മൈം നല്ല വൃത്തിക്ക് പൊട്ടി..അധ്യാപകരുടെയും മറ്റ് കുട്ടികളുടെയും മുഖത്ത് നോക്കാൻ പറ്റാത്ത അവസ്ഥ..

തമാശക്ക് തുടങ്ങിയതാണെങ്കിലും വേദിയിലെ ആ പരാജയം നിശാന്തിന് അത്ര സുഖകരമായിരുന്നില്ല..കലോത്സവം ഒരു ദിവസം കൂടിയുണ്ട്..രണ്ടാം ദിവസമാണ് നാടകം.. സ്ക്രിപ്റ്റില്ലെങ്കിലും നാടകത്തിനു പേര് കൊടുത്തിട്ടുണ്ട്.. എന്തെങ്കിലും ചെയ്ത് "ഞങ്ങളെക്കൊണ്ടും പറ്റും" എന്ന് കാണിക്കണം എന്ന് കലശലായ തോന്നൽ.. അങ്ങനെ നിശാന്ത് പൊളിഞ്ഞു പോയ ആ മൈമിന്റെ സന്ദർഭങ്ങൾക്ക് സംഭാഷണം എഴുതി.. ഒരു വൈകുന്നേരം കൊണ്ട് നാടകം റെഡി.. അടുത്ത ദിവസം മത്സരത്തിന് കയറിയ നാടകം രണ്ടാം സമ്മാനം നേടി.. സ്റ്റേജ് തന്റെ ഇടമാണെന്നുള്ള ആ തിരിച്ചറിവിന്റെ ഊർജ്ജത്തിൽ പിന്നെ പദ്യ പാരായണം, പ്രസംഗം, തുടങ്ങി സ്റ്റേജിൽ കയറാനുള്ള ഒരവസരവും നിശാന്ത് വെറുതെ വിട്ടില്ല.. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തകനായിരുന്ന നിശാന്ത് പരിഷത്ത് വേദികളിലും നിറ സാന്നിധ്യമായി..

പ്ലസ് ടു കഴിഞ്ഞ് കൊല്ലം TKM കോളേജിൽ നിന്ന് ബികോം ബിരുദം നേടി.പിന്നീട് തമിഴ്നാട് സേലം വിനായക മിഷൻ കോളേജിൽ നിന്ന് MBA പൂർത്തിയാക്കി.. MBA കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തി ഇനി എന്ത് എന്ന് കരുതി ഇരിക്കുമ്പോഴാണ് അമ്മാവന്റെ ഇളയ മകൾ ശ്രീജയ്ക്ക് പഞ്ചാബ് നാഷണൽ ബാങ്കിൽ ജോലി കിട്ടുന്നത്..അങ്ങനെ നിശാന്തും ചേച്ചി പഠിച്ച കൊല്ലം ICD യിൽ ബാങ്ക് കോച്ചിങ്ങിനു ചേർന്നു.

റെഗുലർ പഠനത്തിൽ അത്ര മിടുക്കനല്ലാതിരുന്ന നിശാന്ത് സ്റ്റേജിൽ കയറിയത് പോലെയായിരുന്നു ബാങ്ക് ടെസ്റ്റ് കോച്ചിങ്ങിന്റെ

കാര്യത്തിൽ.."ഒത്തിരി പ്രിപ്പയർ ചെയ്തു കാര്യങ്ങൾ ചെയ്യുന്നതിലല്ല, സ്വതസിദ്ധമായി അതങ്ങനെ വന്നു പോകുന്ന തരത്തിലാണ് എൻ്റെ പ്രവർത്തനങ്ങൾ " എന്ന് നിശാന്ത് പറയുന്നു.. അങ്ങനെ,കോച്ചിങ്ങിനു ചേർന്ന് ഒരു വർഷത്തിനുള്ളിൽ, 2009 ൽ SBT യിൽ ക്ലറിക്കൽ കേഡറിൽ നിശാന്ത് തൻ്റെ ബാങ്ക് ഉദ്യോഗം ആരംഭിച്ചു ..

കലാപ്രവർത്തനങ്ങൾക്ക് നല്ല വളക്കൂറുള്ള മണ്ണായിരുന്നു SBT യിലേത്.. ബാങ്ക് ഫെസ്റ്റുകളിൽ പ്രസംഗവും കവിതയും ക്വിസുമൊക്കെയായി നിശാന്ത് നിറഞ്ഞു നിന്നു. സോൺ തലത്തിൽ സമ്മാനങ്ങൾ നേടി.. കവിതാ പാരായണത്തിൽ മുരുകൻ കാട്ടാക്കടയുടെ കവിതകളാണ് നിശാന്തിന്റെ ഫേവറേറ്റ്.. ഇതിനിടെ 2015 ൽ ഓഫീസറായി, കാസർഗോട് ജില്ലയിലെ കയ്യൂരിലേക്ക്.. പിന്നെ ബാങ്ക് ലയനത്തിൽ SBI ക്കാരനായി പാലക്കാട് ജില്ലയിൽ കുമരംപുത്തൂരിൽ.. കല്ലടിക്കോട്, കൊട്ടാരക്കര മാർക്കറ്റ് ജംഗ്ഷൻ, വിളക്കുടി, പിന്നെയിപ്പോൾ കൊട്ടാരക്കര RASMECC അങ്ങനെ നീളുന്നു ബാങ്ക് ഉദ്യോഗ വഴി..

ടാലന്റഡ് ബാങ്കേഴ്‌സ് ഗ്രൂപ്പ് ആണ് നിശാന്തിനെ കൂടുതൽ പോപ്പുലർ ആക്കുന്നത്.. കുസൃതിരസം തുളുമ്പി നിൽക്കുന്ന കമന്റുകളുമായി പോസ്റ്റുകൾക്കടിയിൽ വരുന്ന നിശാന്തിന്റെ സുഹൃത്ത് വലയം പെട്ടന്ന് വിശാലമായി.. അയാൾ "നിഷു " വായി.. ടാലന്റഡ് ബാങ്കേഴ്‌സ് ഗ്രൂപ്പിൽ പാചകം വിഷയമായ ഒരു ചലഞ്ചിൽ ന്യൂഡിൽസ് ഉണ്ടാക്കുന്ന ഒരു വികൃതിക്കുറിപ്പിലൂടെ മറ്റുള്ള പോസ്റ്റുകളെ നിഷ്പ്രഭമാക്കി..ബാങ്ക് ട്രോൾസിലും പോസ്റ്റുകൾ കൊണ്ടും കമന്റുകൾ കൊണ്ടും സജീവമായി.

കോവിഡിന് ശേഷമുള്ള കൊല്ലം TB മീറ്റിന്റെ ഒരുക്കങ്ങൾ തുടങ്ങുന്ന കാലം. ബാങ്ക് ട്രോൾസിന്റെ ബാനറിൽ ഒരു സ്കിറ്റ് പരുവപ്പെട്ടു വരുന്നു.. അതിന്റെ ചർച്ചകൾക്കായി അനിൽ ഉണ്ണിത്താന്റെ വീട്ടിലേക്ക് ചെന്ന ഗണേഷിനു കൂട്ട് പോയ നിശാന്ത് തിരിച്ചു പോയത് CBI എന്ന സ്കിറ്റിലെ മെയിൻ നടനായാണ്.. സ്ഥിരം ക്യാഷ് ഷോർട്ട് ആകുന്ന ക്യാഷറുടെ വേഷം സ്റ്റേജ് ഭരിക്കുമ്പോൾ കൂടെയുള്ളവർ ഒന്നമ്പരന്നു.. കാരണം റിഹേഴ്‌സലിന് നിശാന്ത് പത്താണെങ്കിൽ സ്റ്റേജിൽ ആയിരമാണ്.. പിന്നീടുള്ള സ്കിറ്റുകളിൽ നിശാന്ത് ഒരു സ്ഥിര സാന്നിധ്യമാകുന്നത് ആ പ്രകടനത്തിലൂടെയാണ്..

കോഴിക്കോട് TB മീറ്റിന് അനുശീലൻ ഒരു മെഗാ ഷോ പ്ലാൻ ചെയ്യുന്നു.. സ്റ്റേജിൽ അതൊരു കഥ പോലെ അവതരിപ്പിക്കാൻ രണ്ട് പേര് വേണം..ഗീതാ ബി യാണ് നിശാന്തിനെയും ശരത്തിനെയും ആ റോളുകളിലേക്ക് സജസ്റ്റ് ചെയ്യുന്നത്.. ആ വർഷം ബാങ്ക് ട്രോൾസിന്റെ "ഇന്നലെ രാത്രിയിലെ രോമാഞ്ചം " എന്ന സ്കിറ്റിലും നിശാന്ത് സ്റ്റേജിൽ കത്തിക്കയറി..

ഇത്തവണ കോട്ടയത്തു TB മീറ്റിന് "മേലേപ്പറമ്പിൽ ആൺ ബ്രാഞ്ച് " സ്കിറ്റ്

ആലോചിക്കുമ്പോൾ സ്ത്രീകൾ ഇല്ലാത്ത ബ്രാഞ്ചിന്റെ മാനേജർ "അഞ്ഞൂറാൻ " ആയി വേറെ ആരുടേയും പേര് പോലും ആലോചനയിൽ വന്നില്ല.. സ്ക്രിപ്റ്റ് കണ്ട് നിശാന്ത് തന്റെ ഡയലോഗുകളുടെ നീളത്തെപ്പറ്റി പരാതി പറഞ്ഞു. രണ്ട് മാസം നീണ്ട ഓൺലൈൻ റിഹേഴ്സലുകൾക്ക് വല്ലപ്പോഴും മാത്രം തലകാട്ടി.. റിഹേഴ്സൽ അല്ല സ്റ്റേജ് ആണ് അയാളുടെ വിഹാര കേന്ദ്രം എന്ന ഉറപ്പ് കഴിഞ്ഞ രണ്ട് വർഷം കൂടെ നിന്നവർക്കുണ്ടായിരുന്നു..

സ്റ്റേജ് ആണ് നിശാന്തിന്റെ ഏരിയ.. കാണികൾക്ക് എന്താണ് വേണ്ടതെന്ന് അയാൾക്കറിയാം.. ഡയലോഗ് മറക്കുന്നതോ, മൈക്കിന്റെ പ്രശ്നങ്ങളോ ഒന്നും അവിടെ ഒരു വിഷയമല്ല.. പുറത്ത് നിങ്ങൾ കണ്ട ആ അലസഭാവം സ്റ്റേജിൽ കയറുന്ന നിമിഷം അഴിച്ചു വെച്ച് അവിടെ അയാൾ പൂണ്ടു വിളയാടും..
ഇതിനിടെ കോട്ടയം TB മീറ്റിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയ അനുശീലന്റെ Lift എന്ന ഷോർട്ട് ഫിലിമിലും നിശാന്ത് സഹകരിച്ചു.. എഡിറ്റിങ് ടേബിളിൽ ഒഴിവാക്കപ്പെട്ടെങ്കിലും അത് പുതിയൊരു അനുഭവമാണെന്ന് നിശാന്ത് പറയുന്നു.. വരും നാളുകളിൽ നിശാന്തിനെ സ്ക്രീനിൽ കാണില്ലെന്ന് ആര് കണ്ടു.

ഇന്ത്യൻ ഓവർസീസ് ബാങ്ക്, അച്ചൻപുതൂർ ശാഖാ മാനേജരായ സിഞ്ചുവാണ് നിശാന്തിന്റെ ജീവിത സഖി..അച്ഛനാണ് വീട്ടിലെ വലിയ കുസൃതി എന്നാണ് ആറാം ക്ലാസുകാരൻ ഭഗത്തിന്റെ അഭിപ്രായം..

നിശാന്ത് ശരിക്കുമൊരു പ്രതിഭയാണ്.. കുറുമ്പിന്റെ ഒരു പുറംചട്ടയ്ക്കുള്ളിൽ തന്റെ പ്രതിഭാവിലാസം സമർത്ഥമായി മൂടി വെയ്ക്കുന്ന ഒരാൾ..

ഭാവി ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ആശംസ നേരുന്നതിനൊപ്പം നിങ്ങളുടെ പരശതം ആരാധകർക്കൊപ്പം ഞങ്ങളും പറയുന്നു ; "ചേട്ടൻ സൂപ്പറാ!!!"

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : Rinu K George(റിനു കെ ജോർജ്), ഫെഡറൽ ബാങ്ക്, ചിറ്റാർ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO, തിരുവല്ല

-----------------------------------------------------------------------------------------------

When the opening dialogue of the skit titled "Meleparambil Aan Branch" was rendered at the Talented Bankers' meet in Kottayam, the backstage participants were left aghast, for the

beginning itself seemed out of place. It made them think through that the efforts of the participants turned out furtive; while attributing their perceptions to the probability that the team might have taken the practice sessions lightly. However, they were taken over by surprise and applauded when the artist started to showcase his idiosyncratic talent. Let's take this opportunity to acquaint you with the multi-talented banker, Nisanth B, of State Bank of India, RASMECC, Kottarakkara.

Nisanth B
State Bank of India,
RASMECC, Kottarakkara.

Nisanth,hailing from Pazhangalam in Kollam district is the youngest son of Late Bhargavan Pillai, a former Air Force officer and later Food Corporation of India employee, and Mrs Indira,a house wife. His elder brother, Sushanth, is a software engineer at UST Global in Bangalore.

The academic journey of Nisanth began at St. Jude School, Mukhathala. However it was unremarkable in terms of academic pursuits as well as extra curricular activities. He was inclined to sink into oblivion as regards his creative pursuits except in taking interest in participating in quiz competitions though he was not excelling much in it. His life meandered like the stages of transition undergone by a larva to metamorphosize to a butterfly.

After completing his tenth grade, he went to Kottarakkara for furthering his studies, during which he stayed in his uncle Balakrishnapillai's house. His uncle and aunt, Ms Sumathi; both of them being teachers, and their daughters, Sreekala and Sreeja played a pivotal role in transitioning his journey ,what could be dubbed as a paradigm shift in his life.

His uncle's family where there were incessant discussions on a plethora of topics harboured the power to demolish Nisanth's inhibitions. While pursuing Plus two in Commerce stream at Government Higher Secondary school, Kottarakkara ,Nisanth and his friends registered their names for participating in various group items like group song,group dance,drama etc. including a mime in the setting of a mourning house at the school arts festival. Despite diligent rehearsals, the performance was an utter failure.It faltered from the beginning and in the likeness of adding fuel to fire, some people who were supposed to perform didn't even make it to the stage. Nisanth felt himself abashed, however, it triggered his determination to somehow showcase his talents to it's fullest. He assumed the role of a playwright and wrote dialogues for the situations in the mime. The team prepared thoroughly for enacting their performance the next day and won second prize in the competition.

Thereon, Nisanth left no stones unturned to garner the opportunities that came across him, from poetry recitation to elocution, marking the beginning of his journey as a notable stage performer.He was an active member of Shasthra Sahithya Parishad also.

After completing his Plus Two, Nisanth earned a B.Com degree from TKM College, Kollam, followed by an MBA from Vinayaka Mission College in Salem, Tamil Nadu. Returning home, he joined bank coaching following the paths of his cousin, Sreeja at ICD,Kollam. Though not

exceptionally studious, Nisanth always followed his instince which translated to success in bank tests. In 2009, he commenced his banking career as a clerk at SBT.

SBT proved to be the perfect realm for Nisanth's artistic pursuits, where he excelled in speeches, poetry, and quizzes, winning numerous awards at zonal level competitions. He particularly favoured the poems of Murugan Kattakada. By 2015, he had risen to the position of an officer, serving in Kayyur,Kumaramputhur,Kalladikkode,Kottarakkara market junction and Vilakkudi branches before arriving at SBI RASMECC, Kottarakkara.

Nishnth rose to popularity through his posts in Talented Bankers group . His humourous comments on posts quickly drew a wide circle of friends. Known as "Nishu," his posts, especially during a cooking challenge, in which he wrote about cooking noodles, stood out enhancing his fame. He is an active member of Bank trolls group as well.

As preparations began for the Kollam TB meet post-Covid, Nisanth was cast as the main actor in a skit under the banner of Bank trolls group which centered around a cashier who would often deal with cash shortage. This followed after his visit along with Ganesh to the home of Shri Anil Unnithan. His performance amazed everyone, establishing him as a regular performer in subsequent skits.

At the Kozhikode TB meet, Nisanth was suggested for a mega show planned by Shri Anusheelan.Ms Geetha B suggested Mr Nisanth and Mr Sarat for the roles.That year he excelled at enacting his role in the skill 'Innale raathriyile romancham' as well.

This time, at the Kottayam TB meet, he played the role as Anjooran ,the manager of a branch devoid of ladies, in the skit "Meleparambil Aan Branch." Though he was not comfortable with the lengthy dialogues and barely attended online rehearsals, every one had confidence that his performance on stage would transcend expectations.

Nisanth also contributed to the short film "Lift" during the Kottayam TB meet, despite his scenes being edited out. For him, it was a new experience.

Nisanth's wife, Sinju, is the branch head of Achanputhur branch of Indian Overseas Bank. Their son, Bhagat, a sixth grader, proudly declares his father as some one who is fun to be with.

Nisanth is an exceptionally talented banker, skilfully masking his genius under a facade of mischief. Talented Bankers community wishes him all the best for his future endeavours.